ചീനവലകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളും നിയന്ത്രണങ്ങളും

97 [254] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" അടൂർ പ്രകാശ്:
" എ. പി. അനിൽകുമാർ:
" ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. എ. ഡി. മൂസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീനവലകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളും നിയന്ത്രണങ്ങളും എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായല്ലാതെ സ്ഥാപിച്ചിട്ടുള്ള ചീനവലകൾക്കെതിരെ എന്തു നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അഷ്ടമുടിക്കായലിൽ നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായല്ലാതെ ചീനവലകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇതിനെതിരെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പരാതിപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ട് 1950, എസ്.ആർ.ഒ. നമ്പർ 363/74 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ കൊച്ചി മേഖലയിലും ഇന്ത്യൻ ഫിഷറീസ് മദ്രാസ് (അമെന്റ്മെന്റ്) ആക്ട് 1997-ലെ വ്യവസ്ഥകൾ പ്രകാരം മലബാർ മേഖലയിലും ഇതിന് ലൈസൻസ് നൽകിവരുന്നു. ഊന്നി/ചീനവലകളുടെ എണ്ണത്തിലുള്ള പെരുപ്പവും അനിയന്ത്രിതമായ മത്സ്യബന്ധനവും മത്സ്യസമ്പത്തിന് ദോഷകരമായി ബാധിക്കുന്നുവെന്ന് പഠനങ്ങൾ തെളിയിച്ച സാഹചര്യത്തിൽ പുതിയ ഊന്നി/ചീനവല ലൈസൻസ് അനുവദിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്.

(ബി) അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ചീനവലകൾ നീക്കം ചെയ്യുന്നതിനും അവ കണ്ടുകെട്ടുന്നതിനും മറ്റും നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ പരാതികൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly